തരത്തിലുള്ള വീഴ്ചയും ഉണ്ടാവുകയില്ല എന്ന് വ്യക്തമാക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുപോലെ ആ അപകടത്തിൽ പരിക്ക് പറ്റിയ ചിലരുടെ അവസ്ഥ വളരെ കഷ്ടമാണ്. അവരുടെ ചികിത്സാ ചെലവ് ഗവൺമെന്റ് വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവരുടെ ചികിത്സാ ചെലവ് എത്രവരുമെന്ന് കണക്കാക്കി ഗവൺമെന്റിനെ അറിയിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിട്ടുണ്ട്. അറിയിച്ചാലുടൻതന്നെ ആ ചെലവ് ഗവൺമെന്റ് വഹിക്കുന്നതാണ്. മരിച്ചവർക്ക് രണ്ട് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതുപോലുള്ള അപകടങ്ങളുണ്ടാകുമ്പോൾ സാധാരണ സ്വീകരിക്കുന്ന നടപടിക്രമമാണ് ഇതിലും സ്വീകരിച്ചിട്ടുള്ളത്. അതിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കാം.

4. ചാലക്കുടി താലൂക്ക് ഓഫീസ് രൂപീകരണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, പുതിയതായി ചാലക്കുടി താലൂക്ക് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ട് രണ്ട് വർഷത്തോളം പിന്നിട്ടിട്ടും താലൂക്കടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട വിവിധ ഓഫീസുകൾ ഇനിയും അനുവദിക്കപ്പെട്ടിട്ടില്ല. ഡി.ഇ.ഒ. ഓഫീസ്, താലൂക്ക് വ്യവസായ ഓഫീസ്, സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്, ലീഗൽ മെട്രോളജി ഓഫീസ്, താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, സബ്കോടതി, വെറ്ററിനറി പോളിക്ലിനിക് തുടങ്ങി നിരവധി വകുപ്പുകളുടെ താലൂക്കുതല ഓഫീസുകൾ ചാലക്കുടി താലൂക്കിൽ അനുവദിച്ച് പ്രവർത്തനം ആരംഭിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ ചാലക്കുടിയിൽ താലൂക്ക് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. വ്യവസായ വകുപ്പിൽനിന്നും ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിന് അനുമതി നൽകിയ ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ് വക സ്ഥലം നടപടികളുടെ ഭാഗമായി ഇപ്പോൾ റവന്യൂ വകുപ്പിന്റെ കൈവശമാണ്. ടി സ്ഥലത്ത് ചാലക്കുടി താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് ചാലക്കുടി മുനിസിപ്പാലിറ്റി സമ്മതം അറിയിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് താലൂക്ക് ഓഫീസ് കെട്ടിടം പണിയുന്നതിനും ബാക്കി സ്ഥലം ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താലൂക്ക് രൂപീകരിക്കണമെന്നത് ചാലക്കുടി നിവാസികളുടെ ഒരു ചിരകാലാഭിലാഷമായിരുന്നു. താലൂക്ക് രൂപീകരിച്ചു. ഇപ്പോൾ താലൂക്ക് ഓഫീസിനുവേണ്ടി 5 കോടി രൂപയുടെ പ്രൊപ്പോസൽ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരിക്കുകയാണ്. ഫണ്ടിന്റെ പരിമിതി കാരണം പ്ലാനിംഗ് ബോർഡിൽനിന്ന് അനുമതി ലഭിച്ചിട്ടില്ല. ഫണ്ടും ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് വ്യവസായ വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിക്ക് ലഭിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫണ്ടും ഭരണാനുമതിയും ലഭിക്കേണ്ടതായ പ്രശ്നമുണ്ട്. ഇക്കാര്യം പ്രത്യേകം പരിശോധിക്കാം.

5. ടോൾ നൽകുന്നതിൽനിന്നും പഞ്ചായത്തുകളെ ഒഴിവാക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ ജനങ്ങൾ നിത്യേന എറണാകുളത്ത് പോകാൻ ആശ്രയിക്കുന്നത് കുമ്പളം ടോൾ പ്ലാസയിലൂടെയാണ്. 3 കിലോമീറ്റർ ചുറ്റളവിലാണ് ഇപ്പോൾ ടോൾ പ്ലാസയുള്ളത്. അവിടെ സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന ആട്ടോറിക്ഷ ഉൾപ്പെടെയുള്ള വാഹനങ്ങളെല്ലാം ഈ ടോൾ പ്ലാസയിലൂടെ കടന്ന് പോകേണ്ടതാണ്. മരട് പഞ്ചായത്തിലെ ജനങ്ങൾക്ക് ചില എക്സംപ്ഷൻസ് കൊടുത്തിട്ടുണ്ട്. ടോൾ റൂൾ പ്രകാരം 20 കിലോമീറ്റർ ചുറ്റളവിലുള്ളവർക്ക് ഇളവുകൾ കിട്ടേണ്ടതുണ്ട്. എന്നാൽ ഈ ആനുകൂല്യങ്ങളൊന്നും അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കിട്ടിയിട്ടില്ല. അവിടത്തെ ജനങ്ങളുടെ യാത്രാ വാഹനങ്ങൾക്ക് എക്സംപ്ഷൻ നൽകി സഹായിക്കണമെന്നാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കുമ്പളം പാലത്തിൽ ടോൾ പിരിക്കുന്നത് 1956-ലെ National Highways Act Section 8(A), 2008-ലെ National Highways Fee (Determination and Collection) Rules പ്രകാരമാണ്. ഇക്കാര്യത്തിൽ നേരിട്ട് ഇടപെടാൻ കേരള ഗവൺമെന്റിന് ബുദ്ധിമുട്ടാണെങ്കിലും ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്കും സമീപവാസികൾക്കും കൺസഷൻ നൽകാൻ ഗവൺമെന്റ് ആവശ്യപ്പെടാറുണ്ട്. അതനുസരിച്ച് 20 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന, വാണിജ്യ ആവശ്യത്തിനല്ലാത്ത വാഹനങ്ങൾക്ക് പ്രതിമാസം 230 രൂപ ടോൾ ഇളവ് നൽകുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് ഇളവ് കിട്ടുന്നില്ലെങ്കിൽ തീർച്ചയായും അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാം. അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ നിവാസികളെ മുഴുവനായി ടോൾ പിരിവിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ല. 20 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന ആളുകൾക്ക് ഇളവ് ലഭിക്കുന്നില്ലെങ്കിൽ അത് പരിശോധിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly